സുപ്രഭാതം 08 February 2023

# കടലിൽ കൂടുമത്സ്യകൃഷി: ലക്ഷ്യമിടുന്നത് പ്രതിവർഷം 21.3 ലക്ഷം ടൺ മത്സ്യോൽപാദനം

കൊച്ചി • തീരദേശജനതയുടെ വരുമാനവർധനവ് ലക്ഷ്യമിട്ട് സമുദ്രജലകൃഷി (മാരികൾച്ചർ) ജനകീയമാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ഇതിന്റെ ഭാഗമായി കടലിൽ കൂടുമത്സ്യകൃഷി ചെയ്യാൻ ഏറ്റവും അനുയോജ്യമായ 146 നിർദിഷ്ട സ്ഥലങ്ങൾ ഇന്ത്യൻ കടൽതീരങ്ങളിൽ സി.എം.എഫ്.ആർ.ഐ അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഈ സ്ഥലങ്ങളിൽ നിന്ന് പ്രതിവർഷം 21.3 ലക്ഷം ടൺ മത്സ്യോൽപാദനമാണ് ലക്ഷ്യമിടുന്നത്.

സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച സാങ്കേതികവിദ്യപ്രകാരം ആറ് മീറ്റർ വിസ്തീർണമുള്ള ഒരു കൂടിൽ നിന്ന് എട്ട് മാസം കൊണ്ട് മൂന്ന് ടൺ മീൻ ഉൽപാദിപ്പിക്കാം. ഇതിലൂടെ കർഷകർക്ക് കൃഷി ചെയ്യുന്ന മീനുകൾക്കനുസരിച്ച് ഒന്നര ലക്ഷം രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെ വരുമാനമുണ്ടാക്കാമെന്നും അദ്ദേഹം പറഞ്ഞു. സി.എം.എഫ്.ആർ.ഐ നടന്ന വിന്റർ സ്കൂളിലാണ് പദ്ധതിയെ കുറിച്ച് ഡയരക്ടർ വിശദീകരിച്ചത്.

ഏഴ് സംസ്ഥാനങ്ങളിൽ നിന്നായി 22 ഗവേഷകരാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്. കോഴ്സ് ഡയരക്ടർ ഡോ. ഇമെൽഡ ജോസഫ്, ഡോ. വി.വി.ആർ സുരേഷ്, ഡോ. ബോബി ഇഗ്നേഷ്യസ് സംസാരിച്ചു.